കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

e-mail : doekm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം .കെ.എസ്.എ.- ഇ.കെ.എം.(പി.7) 262/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്.
ഫോൺ – 0484 2422271
ഇ മെയിൽ – doekm.ksad@kerala.gov.in
തീയതി-12.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം. കെ.എസ്.എ.-ഇകെഎം.(പി7)262/2020 തീയതി :12.03.2020

## എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2018 – 19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.01.2019 മുതൽ 18.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ വിനോദ്.കെ.കെ (ഡെപ്യൂട്ടി ഡയറക്ടർ) |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തീയതി : | 20.02.2020 മുതൽ 29.02.2020 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി റസ്സിയബീവി ജെ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ സണ്ണി എം.യു. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ശ്രീജ ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബബിത.ബി.കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി നിർമ്മല മോഹനൻ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീ അനിൽകുമാർ.കെ | 01.04.2018 | 31.03.2019 |
| കൃഷി ഓഫീസർ | ശ്രീ എം. എൻ. രാജേന്ദ്രൻ | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (സിഎച്ച്സി) | ഡോ.ബിനി ജോൺ | 01.04.2018 | 11.05.2018 |
| | ഡോ.സഞ്ജു പോൾ | 12.05.2018 | 01.07.2018 |
| | ഡോ.ബി.സുധാകർ | 02.07.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഷീന ആനി തോമസ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സോളമൻ | 01.04.2018 | 31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ലൈല .കെ.എച്ച് | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , വാരപ്പെട്ടി | ശ്രീ ബേസിൽ.ടി.എൽദോസ് | 01.04.2018 | 31.03.2019 |
| ഹെഡ് മാസ്റ്റർ, ഗവ.എൽപി.എസ്, ഇളങ്ങവം | ശ്രീ.അലിയാർ പി. | 01.04.2018 | 31.03.2019 |
| വെറ്ററിനറി സർജൻ | ഡോ. മെർലിൻ മാത്യു | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ ലാലു.ഇ.വി | 01.04.2018 | 16.08.2018 |
| | ശ്രീമതി ദിവ്യ.കെ.എം | 17.08.2018 | 21.11.2018 |
| | ശ്രീമതി നസീമ.ഇ.എം | 22.11.2018 | 24.01.2019 |
| | ശ്രീ ദിനേശ്.ടി.എം | 25.01.2019 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി എലിസബത്ത് സി. ജോർജ് | 01.04.2018 | 31.03.2019 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | വാരപ്പെട്ടി കമ്മ്യൂണിറ്റി ഹാൾ-വാടക ഈടാക്കിയില്ല | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | ലൈസൻസില്ലാതെ കടകൾ പ്രവർത്തിക്കുന്നു | 1-15 |
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-16 |
| 17 | ഗുണഭോക്തൃവിഹിതം വിനിയോഗിച്ചിട്ടില്ല | 1-17 |
| 18 | അർഹമായ നിരക്കിൽ സബ്സിഡി അനുവദിച്ചില്ല | 1-18 |
| 19 | മൊബൈൽ ക്രിമിറ്റോറിയം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 20 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യമിശ്രിതം-സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല | 1-20 |
| 21 | തെരുവുവിളക്കുകൾ സ്ഥാപിക്കലും മെയിന്റനൻസും -അപാകതകൾ | 1-21 |
| 22 | വാരപ്പെട്ടി കക്കാട്ടൂർ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ സെന്റേജ് ചാർജ്ജിനത്തിൽ അധികം തുക നൽകി | 1-22 |
| 23 | ഹെൽത്ത് സെന്റർ ലത്തീൻ പള്ളിപ്പടി റോഡ് കലുങ്ക് &സംരക്ഷണഭിത്തി നിർമ്മാണം-അധികം തുക നൽകി | 1-23 |
| 24 | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും-വിതരണരേഖ ലഭ്യമല്ല | 1-24 |
| 25 | മെഡിക്കൽ ഓഫീസർക്ക് മുൻകൂറായി നല്കിയ തുക ക്രമീകരിച്ചിട്ടില്ല | 1-25 |
| 26 | എസ്. സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണ രേഖ ലഭ്യമല്ല | 1-26 |
| 27 | തുടർ സാക്ഷരത പ്രവർത്തനങ്ങൾ -രേഖകൾ ഹാജരാക്കിയില്ല | 1-27 |
| | ഭാഗം – 2<br>ഇല്ല | |
| | ഭാഗം – 3 | |
| 28 | ഹെൽത്ത്സെന്റർ ലത്തീൻ പള്ളിപ്പടി റോഡ് കലുങ്ക്&സംരക്ഷണ ഭിത്തി നിർമ്മാണം-പ്രവൃത്തി സ്ഥലത്തു നിന്നും കുഴിച്ചെടുത്ത മണ്ണ് എർത്ത് ഫില്ലിംഗിന് ഉപയോഗിച്ചില്ല | 3-1 |
| 29 | വാരപ്പെട്ടി കക്കാട്ടൂർ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ-സെന്റേജ് ചാർജിനത്തിൽ അധിക തുക നൽകി | 3-2 |
| 30 | അർഹതയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി ചെലവഴിച്ച 59720/- രൂപ നിരാകരിക്കുന്നു | 3-3 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| | | |

| | | |
|---|---|---|
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2018-19 | അനുബന്ധം.1 |
| 42 | ബാലൻസ് ഷീറ്റ് 2018-19 | അനുബന്ധം.2 |
| 43 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 | |
| 44 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2018 തീയതിയിലെ തീരുമാനം 7(1) പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.5.19 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ലഭിച്ച സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.19 മുതൽ15.06.19 വരെ | കെ.എസ്.എ ഇകെഎം(പിജി)1227(75)/19 തീ.03.08.19 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6663750 |
| വരവ് | 58480774 |
| | |

| | |
|---|---|
| ആകെ | 65144524 |
| ചെലവ് | 55500803 |
| നീക്കിയിരിപ്പ് | 9643721 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് (എ.സി. ആർ പ്രകാരം) | ആകെ | ചെലവ് | ചെലവഴി ക്കാത്ത തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | | 0 | 10493383 | 10493383 | 10493383 | 0 |
| വികസനഫണ്ട്- എസ് സി പി. | | 0 | 2234000 | 2234000 | 2232300 | 1700 |
| വികസനഫണ്ട് – ടി എസ് പി. | | 0 | 73000 | 73000 | 0 | 73000 |
| സംരക്ഷണഗ്രാന്റ്- റോഡ് | | 0 | 8574000 | 8574000 | 5485640 | 3088360 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | | 0 | 2780000 | 2780000 | 2780000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 5009000 | 5009000 | 4705703 | 303297 |
| ലോകബാങ്ക് ധനസഹായം (കേന്ദ്ര വിഹിതം) | | 0 | 0 | 0 | 0 | 0 |
| ലോകബാങ്ക് ധനസഹായം (സംസ്ഥാന വിഹിതം) | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 1566 | 41951 | 43517 | 30750 | 12767 |
| തൊഴിലുറപ്പ പദ്ധതി ഭരണച്ചെലവ് | | 9850 | 325972 | 335822 | 333494 | 2328 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അങ്കണവാടി പൂരക പോഷകാഹാരം | | 353656 | 492075 | 845731 | 733973 | 111758 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 500000 | 2228835 | 2728835 | 2728835 | 0 |
| | ജില്ലാ പഞ്ചായത്ത് | 2820000 | 764635 | 3584635 | 3584635 | 0 |
| സമ്പൂർണ്ണ ശുചിത്വം(കേന്ദ്രം) | | 0 | 302800 | 302800 | 0 | 302800 |
| ബി ഫണ്ട് | | 0 | 408920 | 408920 | 408920 | 0 |
| നിർമൽ പുരസ്കാരം | | 36988 | 0 | 36988 | 0 | 36988 |
| ഖരമാലിന്യ നിർമ്മാർജ്ജനം | | 0 | 1500000 | 1500000 | 995576 | 504424 |
| വിമുക്തി | | 0 | 25000 | 25000 | 25000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 12669 | 450 | 13119 | 0 | 13119 |
| കേരളോത്സവം | | 8700 | 0 | 8700 | 0 | 8700 |
| ജൈവ കാർഷിക പുരസ്കാരം | | 367773 | 16900 | 384673 | 0 | 384673 |
| സ്റ്റേഡിയം&പ്ലേ ഗ്രൗണ്ട് ഗ്രാന്റ് | | 650 | 0 | 650 | 0 | 650 |
| മഴക്കാല പൂർവ്വ ശുചീകരണം | | 0 | 130000 | 130000 | 13000 | 0 |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | | 0 | 250000 | 250000 | 250000 | 0 |
| ലൈഫ് ഭവന പദ്ധതി-വായ്പ | | 0 | 7772403 | 7772403 | 7677937 | 94466 |
| KGB Donation | | 0 | 5004 | 5004 | 0 | 5004 |
| ഗുണഭോക്തൃ വിഹിതം | | 15692 | 45375 | 61067 | 45375 | 15692 |
| തനതുഫണ്ട് | ബാങ്ക് | 2238939 | 5912831 | 8151770 | 2969087 | 5182683 |
| | ജനറൽ പർപ്പസ് ഗ്രാന്റ് | 4557 | 11380803 | 11385360 | 8684466 | 2700894 |
| | കൈയിരുപ്പ് പണം | 292710 | 0 | 292710 | 25935 | 266775 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 76709273 | 124 | 45692609 | 0 | 34 | 78.48 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 9850 | 326423 | 336273 | 333945 | 2328 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 11896335 | 11896335 | 11896335 | 0 |
| മെറ്റീരിയൽ | 0 | 298148 | 298148 | 298148 | 0 |
| ആകെ | 9850 | 12520906 | 12530756 | 12528428 | 2328 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 141360 | 87 |
| കർഷകതത്തൊഴിലാളി പെൻഷൻ | 4101800 | 317 |
| വിധവാപെൻഷൻ | 7408300 | 623 |
| വാർദ്ധക്യകാലപെൻഷൻ | 11763600 | 1147 |
| വികലാംഗപെൻഷൻ | 2621400 | 212 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 298400 | 26 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2020 ൽ 3.15 pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24462 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. തെരുവു വിളക്ക് അറ്റകുറ്റ പണി സംബന്ധിച്ച രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിൽ കുടിശ്ശികയുണ്ടെങ്കിലും തൻവർഷത്തെ വാർഷിക കണക്കിൽ കുടിശ്ശിക വിവരങ്ങൾ പ്രതിഫലിച്ചിട്ടില്ല. പഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാൾ ബാഡ്മിന്റൻ പരിശീലനത്തിനായി പ്രതിമാസം ₹2500/-യ്ക്ക് വാടകയ്ക്കു നൽകിയിട്ടുണ്ടെങ്കിലും വാടക വരവ് നിരീക്ഷണത്തിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി കണക്കുകൾ സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുള്ള തുകകൾ യഥാസമയം പൂർണ്ണമായും ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വിവിധോദ്ദേശ്യ ഗ്രാന്റുകളും പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിവിധ കേന്ദ്ര ഫണ്ടുകളും ഗ്രാന്റുകളും ഗ്രാമപഞ്ചായത്തിലാണ് സൂക്ഷിച്ചിട്ടുള്ളതെങ്കിലും അവയുടെ ചെലവ് നിരീക്ഷണത്തിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എല്ലാ വാർഡുകളിലും മൂന്ന് തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും തൻവർഷം മാസത്തിൽ കുറഞ്ഞത് ഒരു തവണ വീതം യോഗം ചേർന്നിട്ടുണ്ട്. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളും ബന്ധപ്പെട്ട മേഖലയിലുള്ള പ്രോജക്ടുകൾ പരിശോധിച്ച് അംഗീകരിക്കുകയും ഗ്രാമ പഞ്ചായത്തിന്റെ അംഗീകാരത്തിനായി ശുപാർശയും ചെയ്തിട്ടുണ്ട്.

വി.ഇ.ഓ നിർവ്വഹണോദ്യോഗസ്ഥനായുള്ള വീട് മെയിന്റനൻസ് പ്രൊജക്ടുകളിൽ തുക

അനുവദിക്കുന്നതിന് മുൻപ് അസി.എൻജിനീയർ/ഓവർസിയർ ചെയ്ത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് എടുത്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.01.2020 | 1.12.19 മുതൽ 31.12.19 വരെ | 06.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 മുതൽ 22.02.2016 വരെ | 2010-11 മുതൽ 2014-15 വരെ | 17.03.2016 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

3. തൊഴിലുറപ്പ് പദ്ധതി EFMS വരവ് ചെലവ് തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ലെങ്കിലും കുടിശ്ശിക ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

# 1-13 വാരപ്പെട്ടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ-വാടക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ബാഡ്മിന്റൻ അക്കാദമിയുടെ പരിശീലനത്തിനായി വാരപ്പെട്ടി ആർട്സ് സൊസൈറ്റി എന്ന സ്ഥാപനത്തിന് പ്രതിമാസം ₹2500/-ക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും(30.07.18 ലെ 13(1) നം.പഞ്ചായത്ത് കമ്മിറ്റി തീരുമാനം) വാടക തുക പിരിച്ചെടുത്തിട്ടില്ല. വാടകക്കാരനുമായി ഗ്രാമപഞ്ചായത്ത് നിയമാനുസൃത കരാറിലുമേർപ്പെട്ടിട്ടില്ല.വാടക വിവരം നിരീക്ഷിക്കുന്നതിനായി പ്രത്യേക രജിസ്റ്ററും പരിപാലിച്ചിട്ടില്ല. വാടക വിശദാംശങ്ങൾ സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാടക സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഓഡിറ്റ് വർഷത്തെ കച്ചവടം, വ്യാപാരം എന്നീ ആവശ്യങ്ങൾക്കുള്ള ലൈസൻസിന്റെ അപേക്ഷകളിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ അതിന്റെ പേരിനു നേരെ കാണിച്ചിട്ടുള്ള എണ്ണം ജീവനക്കാർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | XI / 247 A | പ്രിൻസ് പ്ലൈവുഡ് | 20 |
| 2 | X / 423 | പാലക്കാടൻ സോമിൽ & പ്ലൈബോർഡ് | 7 |
| 3 | X / 400 | പാലക്കാടൻ വുഡ് ഇൻഡസ്ട്രീസ് | 10 |
| 4 | I / 402 | എലഞ്ഞിക്കൽ ഇൻഡസ്ട്രീസ് | 6 |
| 5 | V / 316 | പുന്നക്കോട്ടയിൽ ഗ്രാനൈറ്റ്സ് | 3 |
| 6 | XI /209 | എം ജെ പേവ് ടൈൽസ് | 5 |
| 7 | III / 136 B | വിതയത്തിൽ ഇൻഡസ്ട്രീസ് | 4 |
| 8 | VI / 379 A | കെ കെ എം പ്ലാസ്റ്റിക്സ് | 6 |
| 9 | XII / 374 | ഹോംലൈൻ ഏജൻസീസ് | 3 |
| 10 | X / 99 B | റോയൽ കാറ്ററിംഗ് സർവീസ് | 5 |
| 11 | VI / 183 | ചെമ്മായത്ത് സോപ്പ് വർക്സ് | 3 |
| 12 | IV / 180 | സിറാജ് പ്ലൈവുഡ് | 6 |
| 13 | VIII / 360 | ഐസിംഗ്സ് ബേക്കറി യൂണിറ്റ് | 6 |
| 14 | X / നം.രേഖപ്പെടുത്തിയിട്ടില്ല | വി കെ ജെ ഹോട്ട് മിക്സ് പ്ലാന്റ് | 3 |
| 15 | XI / 227 | ജെ കെ റബേർസ് | 3 |
| 16 | II / 381 A | വിനായക് ഗോൾഡ് വർക്സ് | 3 |
| 17 | VI /89 A ,VI / 89 D | ദിയാലാൽ ഫുഡ് പ്രൊഡക്ട്സ് | 6 |

എന്നാൽ ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1, 22.02.2020) ഹാജരാക്കിയ മറുപടിയിൽ ടി ജീവനക്കാരിൽ നിന്നും തുക ഈടാക്കുവാൻ ആവശ്യപ്പെടുന്നതാണെന്ന് അറിയിച്ചു.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസില്ലാതെ കടകൾ പ്രവർത്തിക്കുന്നു

ഓഡിറ്റ് വർഷം പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന കുടുംബശ്രീ സംരംഭങ്ങൾ, റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്ന്

വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1,22.02.2020)ഹാജരാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഒടുക്കുവാൻ കത്ത് നല്കുന്നതാണെന്ന് അറിയിച്ചു.ഇവയിൽ നിന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 പ്രകാരം 1000/-രൂപയോളം വരുന്ന പിഴയും കുറ്റസ്ഥാപനം ചെയ്തതിന് ശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേയ്ക്കും 50/-രൂപയിൽ കവിയാത്ത പിഴയോ ചുമത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസില്ലാതെ കടകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-16 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ താഴെ പറയുന്ന കരാറുകാർ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.എന്നാൽ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | നടപ്പാക്കിയ പ്രവൃത്തി |
|---|---|---|
| 1 | എ.എസ്.ബിനു | എസ് 105/18-19 -ആറായ്ക്കൽപടി കനാൽ റോഡ് വാർഡ് 12 |
| 2 | അനീഷ്.ജി.നായർ | എസ് 117/18-19- പട്ടമ്മാട്ടുപടി പല്ലൻകറ്റ റോഡ് കോൺക്രീറ്റിംഗ് |
| 3 | എൻ.ബി.അലിയാർ | എസ് 46/18-19-ജവഹർകോളനി റോഡ് കോൺക്രീറ്റിംഗ് |
| 4 | കെ.ഗോപി | എസ് 47/18-19 -കാവുംപടി വട്ടകുഴി പീടിക റോഡ് റീടാറിംഗ്,എസ് 48/18-19-എം വി ഐ പി കനാൽ പിടവൂർ റോഡ് റീടാറിംഗ്,എസ് 50/18-19 - ഇഞ്ചൂർ പിടവൂർ റോഡ് റീടാറിംഗ് |
| 5 | ഷാജി ഫ്രാൻസിസ് | എസ് 64/18-19 - കോഴിപ്പിള്ളി ലക്ഷംവീട് റോഡ് റീടാറിംഗ് |
| 6 | ബിനു.കെ.ജോർജ് | എസ് 137/18-19 - സംഗമംകവല ചിറമറോഡ് സംരക്ഷണഭിത്തി പൂർത്തീകരണം |
| 7 | സി.ജി.ഗോപാലകൃഷ്ണൻ | എസ്86/18-19 - അമ്പലംപടി ചാലുമാരിക്കടവ് റോഡ് പൂർത്തീകരണം,എസ് 94/18-19 - ഇഞ്ചൂർ അമ്പലംപടി |

| | | |
|---|---|---|
| | | ഒഎംഎച്ച്എസ് കോളനി റോഡ് റീടാറിംഗ് |
| 8 | ബെന്നി മാത്യു | എസ് 65/18-19 - പഴേയ്ക്കൽപ്പടി പോസ്റ്റ് ഓഫീസ് റോഡ്, എസ് 81/18-19 - അകത്തൂട്ടുപടി പീടികപ്പടി റോഡ് |
| 9 | പി.എ.മുജീബ് | എസ് 114/18-19- പിടവൂർ സ്റ്റേഡിയത്തിൽ വല സ്ഥാപിക്കൽ |
| 10 | എൻ.ബി.മൊയ്തീൻ | എസ് 52/18-19-എം വി ഐ പി കനാൽ റോഡ് റീടാറിംഗ് വാർഡ് 6 , എസ് 57/18-19 - വാരപ്പെട്ടി അമ്പലംപടി കാക്കാട്ടൂർ റോഡ് റീടാറിംഗ് |
| 11 | ഷിജോ ടി ജെയിംസ് | എസ് 51/18-19-പാറക്കൽ മാങ്ങാട്ട് റോഡ്, എസ്61/18-19- മുടനാട്ട്കാവ് ചരമറോഡ് |
| 12 | വിനു.കെ.വി | എസ് 58/18-19 - ഏറമ്പ്ര അങ്കണവാടി റോഡ്,എസ് 62/18-19- എട്ടാംമൈൽ കണ്ണാപ്പിള്ളി റോഡ് |
| 13 | ശ്രീജിത്ത്.കെ.എസ് | എസ് 90/18-19 - എട്ടാംമൈൽ കണ്ണാപ്പിള്ളി താഴം റോഡ് റീടാറിംഗ്, എസ് 100/18-19- ഹെൽത്ത് സെന്റർ ലത്തീൻപള്ളിപ്പടി റോഡിൽ കലുങ്കും സംരക്ഷണഭിത്തിയും |
| 14 | റെജോ ആന്റണി | എസ് 153/18-19-പൊതുകിണർ മെയിന്റനൻസ് വാർഡ് 13 |
| 15 | പി.എ.പൗളി | എസ് 98/18-19, പാറക്കുഴി ഓലി സംരക്ഷണം |

ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചിട്ടില്ല

മുട്ടക്കോഴി വിതരണം(പ്രോജക്റ്റ് നം.55/13) എന്ന പദ്ധതിക്കായി 26.3.14 ൽ 51 ഗുണഭോക്താക്കളിൽ നിന്നും രസീതു നം.35 to 85/51314 പ്രകാരം പിരിച്ചെടുത്ത ₹11700/- ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതു വരെയും പദ്ധതിക്കായി വിനിയോഗിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതം ചെലവഴിക്കുന്നതിനോ ഗുണഭോക്താക്കൾക്കു തിരിച്ചു കൊടുക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 അർഹമായ നിരക്കിൽ സബ്സിഡി

# അനുവദിച്ചില്ല

ഓഡിറ്റ് വർഷം വനിതകൾക്ക് ആട്ടുകൾ നല്കുന്നതിന് വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്ട് പ്രകാരം ഒരാടിന് 5000/- രൂപ നിരക്കിൽ ഓരോരുത്തർക്കും 2 ആട്ടുകളാണ് ലഭിച്ചിട്ടുള്ളത്. 50% സബ്സിഡി നിരക്കിലാണ് (5000 /- രൂപ) ആട്ടുകളെ നല്കിയിട്ടുള്ളത്. 74 ഗുണഭോക്താക്കളുണ്ടായിരുന്ന ഈ പ്രൊജക്ടിൽ 4 പേർ പട്ടികജാതിയിൽപ്പെട്ടവരാണ്. 14.02.18 ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ)നം. 22 / 2018, തസ്വഭവ പ്രകാരം പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 75% ആണ് സബ്സിഡി അനുവദിക്കേണ്ടത്.എന്നാൽ ഈ പ്രൊജക്ട് പ്രകാരം ഇവർക്കും 50% ആണ് സബ്സിഡി നല്കിയിട്ടുള്ളത്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ധനസഹായം പൂർണ്ണമായി നല്കാതെ കുറഞ്ഞ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9,26.02.2020) ഹാജരാക്കിയ മറുപടിയിൽ എല്ലാ ഗുണഭോക്താക്കൾക്കും 50 % ശതമാനം സബ്സിഡി എന്ന നിരക്ക് നിശ്ചയിച്ചാണ് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയതെന്നും അതനുസരിച്ചാണ് പദ്ധതി നടപ്പാക്കിയതെന്നും നിർവഹണോദ്യോഗസ്ഥ അറിയിച്ചു. പട്ടികജാതിയിൽപ്പെട്ടവർക്ക് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പട്ടികജാതിയിൽപ്പെട്ടവർക്ക് ഒരു പ്രത്യേകപദ്ധതി രൂപീകരിച്ച് ആനുകൂല്യം നല്കുന്നതിന് സബ്സിഡി മാർഗരേഖ അനുവദിക്കുന്നുണ്ട്. ആയതിനാൽ വരുംവർഷങ്ങളിൽ ഇത്തരം പദ്ധതികൾ രൂപീകരിക്കുമ്പോൾ പട്ടികജാതി/ പട്ടികവർഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-19 മൊബൈൽ ക്രിമിറ്റോറിയം വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം | 106/19 |
| പദ്ധതി അടങ്കൽ | ₹387040/- |
| പദ്ധതിചെലവ് | ₹387040/-(ബിൽ നം.30/21.1.19) |

07.07.18 ലെ A2/55/18 നമ്പർ ടെണ്ടർ പരസ്യം മുഖേന ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ലാക്കോ മെഡിക്കൽ ഡിവൈസസ് വൈക്കം എന്ന സ്ഥാപനത്തിൽ നിന്നും ₹387040/- ചെലവഴിച്ച് ഗ്രാമ പഞ്ചായത്ത് ഒരു മൊബൈൽ ക്രിമിറ്റോറിയം വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1.മൊബൈൽ ക്രിമിറ്റോറിയം സപ്ലൈ ചെയ്ത സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. ക്രിമിറ്റോറിയത്തിന്റെ വാറന്റി/ഗാരന്റി പീരിയഡ് സംബന്ധിച്ച വിശദാംശങ്ങൾ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല.

2.മൊബൈൽ ക്രിമിറ്റോറിയത്തിന്റെ ഗുണ നിലവാരം സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

4.മൊബൈൽ ക്രിമിറ്റോറിയം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നുള്ളത്, നിലവിലത്തെ ഭൗതിക സ്ഥിതിവിവരം എന്നിവ ലഭ്യമല്ല.

അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4) പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടെന്നും പദ്ധതി വിജയകരമായി നടന്നുവരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽപദ്ധതി നിർവ്വഹണത്തിന്റെ തുടർ നടപടികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ₹387040/-യുടെ പദ്ധതി ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-20 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2018-19 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായിAAAകോമൺ ഫെസിലിറ്റി സെന്റർ, അമൃതം ഫുഡ് സപ്ളിമെന്റ്, വെങ്ങോല എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. 2018-19 വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (നം. 11/26.02.2020) ലഭ്യമാക്കിയ മറുപടിയിൽ പരിശോധനയ്ക്കായി സാമ്പിൾ അയച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. 2018-19 വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

# 1-21 തെരുവുവിളക്കുകൾ സ്ഥാപിക്കലും മെയിന്റനൻസും-അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പദ്ധതി ചെലവ് | ബിൽനം.38/19.3.19 | ₹200000/- |
| | ബിൽ നം39/14.3.19 | ₹50000/- |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക എന്ന പദ്ധതിക്കായി(8/19) ₹200000/-യും തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി(7/19) ₹50000/-

യും തൻ വർഷം ചെലവഴിച്ചിട്ടുണ്ട്. കൊല്ലപ്പിള്ളിൽ ഇലക്ട്രിക്കൽസ് പോത്താനിക്കാട് എന്ന സ്ഥാപനമാണ് ടെണ്ടർ മുഖേന പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. 23W LED ബൾബ് ഒരെണ്ണം വൈദ്യുതി പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് കൊല്ലപ്പിള്ളിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ള നിരക്ക് ₹1378/-യാണ്. സ്ഥാപനം നൽകിയ കാഷ് ഇൻവോയ്സ് ബില്ലിൽ(ഇൻവോയ്സ് നം.4/26.2.19) 23W LED ബൾബ് ഒരെണ്ണത്തിന് നികുതി ഉൾപ്പെടാതെയുള്ള നെറ്റ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് ₹1129.96/-യാണ്. LED ബൾബുകളും ഫിറ്റിംഗുകളും ജി.എസ്.ടി താരിഫ് '94054090' എന്ന സബ് ഹെഡിൽപ്പെട്ട ഇനങ്ങളാണ്. പ്രസ്തുത ഇനങ്ങൾക്കുള്ള ജി.എസ്.ടി നിരക്ക് 12% ആണ്(SGST 6%,CGST 6%). പ്രസ്തുത നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ ഒരു ബൾബിന് നൽകാവുന്ന തുക ₹1266/-യാണ്. സ്ഥാപനം ഈടാക്കിയിട്ടുള്ളത് ₹1378/- നിരക്കിലുള്ള തുകയാണ്. LED ബൾബ് ഒന്നിന് ₹112/-നിരക്കിൽ 146 ബൾബുകൾ ഫിറ്റ് ചെയ്തതിന് സ്ഥാപനം ₹16352/-കൈപ്പറ്റിയിട്ടുണ്ട്. അധികം നൽകിയ ₹16352/-കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

2. തെരുവു വിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് സ്ഥാപനം രണ്ട് വർഷത്തെ ഗാരന്റിയും ആഴ്ചതോറുമുള്ള ഫീൽഡ് തല പരിശോധനയും ടെണ്ടറിൽ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ കൊല്ലപ്പിള്ളിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് നിയമാനുസൃത കരാറിലേർപ്പെട്ടിട്ടില്ല.

3.പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ട സാധന സാമഗ്രികൾ ISI നിലവാരത്തിലുള്ളവയായിരിക്കണമെന്ന് 15.9.11 ലെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 3055/ഡി.എ3/12 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. കൊല്ലപ്പിള്ളിൽ ഇലക്ട്രിക്കൽസ് സപ്ലൈ ചെയ്തിട്ടുള്ള LED ബൾബുകളുടെ ബ്രാൻഡ് നെയിം,സ്പെസിഫിക്കേഷൻ എന്നിവ ഇൻവോയ്സ് ബില്ലിലും ടെണ്ടറിലും രേഖപ്പെടുത്തിയിട്ടില്ല. ഇലക്ട്രിക് ബൾബുകളുടെ ഗുണനിലവാര തകർച്ചമൂലം ആകെ വാങ്ങിയ 146 ബൾബുകളിൽ 63 എണ്ണവും പ്രവർത്തനരഹിതമാവുകയും ചെയ്തു. ബൾബുകൾ മാറ്റി സ്ഥാപിക്കാൻ 9.8.19ൽ കരാറുകാരന് ഗ്രാമ പഞ്ചായത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

4. തെരുവു വിളക്കുകളുടെ അറ്റകുറ്റ പണികൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കേടായ ഐറ്റങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.2) അധികം നൽകിയ തുക കരാറുകാരന്റെ റീറ്റെൻഷൻ തുകയിൽ നിന്ന് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ ₹16352/-യുടെ ചെലവ് കിഴിച്ച് ₹233648/-യുടെ പദ്ധതി ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-22 വാരപ്പെട്ടി കക്കാട്ടൂർ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ - സെന്റേജ് ചാർജ്ജിനത്തിൽ അധിക തുക നൽകി

വാരപ്പെട്ടി കക്കാട്ടൂർ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത്

കേരള വാട്ടർ അതോറിറ്റിയിൽ ₹194682/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി 10% ന പകരം 12.5% സെന്റേജ് ചാർജ്ജാണ് ഈടാക്കിയിരിക്കുന്നത്. തൻമൂലം ഗ്രാമ പഞ്ചായത്തിന് ₹4326/-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-23 ഹെൽത്ത്സെന്ററർ ലത്തീൻ പള്ളിപ്പടി റോഡ് കലുങ്ക്&സംരക്ഷണ ഭിത്തി നിർമ്മാണം-പ്രവൃത്തി സ്ഥലത്തു നിന്നും കുഴിച്ചെടുത്ത മണ്ണ് എർത്ത് ഫില്ലിംഗിനു വേണ്ടി ഉപയോഗിച്ചില്ല

ഹെൽത്ത്സെന്റർ ലത്തീൻ പള്ളിപ്പടി റോഡ് കലുങ്ക്&സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയിൽ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് 57.470 $m^3$ അളവിൽ എർത്ത് ഫില്ലിംഗ് നടത്തിയപ്പോൾ ഇനം 1ആയി 29.755$m^3$ അളവിൽ പ്രവൃത്തി സ്ഥലത്തു നിന്നും കുഴിച്ചെടുത്ത മണ്ണ് പ്രസ്തുത പ്രവൃത്തിക്കു വേണ്ടി ഉപയോഗിച്ചിട്ടില്ല. തൻമൂലം ഗ്രാമ പഞ്ചായത്തിന് ₹13529/-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.വിശദാംശങ്ങൾ ഭാഗം-3ൽ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-24 എസ്.സി . വിദ്യാർത്ഥികൾക്ക് മേശയും കസേരയും - വിതരണ രേഖ ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 140/18-19 |
| പേര് | എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്ററർ ഗവ.എൽ.പി.എസ്.,ഇളങ്ങവം |
| അടങ്കൽ | 1,00,000/-(എസ്.സി.പി.) |
| ചെലവ് | 98,000/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 06/2018-19/14.03.19 |

മേൽ നമ്പർ പ്രൊജക്ട് പ്രകാരം20 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകി. കൈപ്പറ്റ് രേഖ പ്രകാരം 19 വിദ്യാർത്ഥികൾക്ക് മാത്രമേ മേശയും കസേരയും ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന മേശയും കസേരയും നൽകിയത് ആർക്കാണെന്ന വ്യക്തമല്ല. കൈപ്പറ്റ് രേഖ ലഭിച്ചിട്ടില്ല.

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാർത്ഥികൾക്ക് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രേഖ ലഭിച്ചിട്ടില്ല.കൈപ്പറ്റു രേഖയുടെ അഭാവത്തിൽ ഒരു മേശയുടെയും കസേരയുടെയും വിലയായ 4900/- രൂപ തടസപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ 15/27.2.20 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

# 1-25 മെഡിക്കൽ ഓഫീസർക്ക് മുൻകൂറായി നൽകിയ തുക ക്രമീകരിച്ചിട്ടില്ല

വാരപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ-ഇൻ-ചാർജിന്റെ 27.3.18 ലെ 368/2018 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഇ-ഹെൽത്ത് ആധാർ രജിസ്ട്രേഷൻ ക്യാംപുകൾ ഓരോ വാർഡിലും സംഘടിപ്പിക്കുന്നതിനായി 3500/- രൂപ തനതു ഫണ്ടിൽ നിന്നും വൌച്ചർ നമ്പർ 2180074 തീ.24.4.18(ചെക്ക് നമ്പർ-2867458/24.4.18)പ്രകാരം നൽകി.

ഓരോ വാർഡിലും ഏതെല്ലാം തീയതികളിലാണ് ക്യാംപ് നടത്തിയതെന്ന് വ്യക്തമല്ല.തുക വിനിയോഗിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ 3500/- രൂപയുടെചെലവ് തടസപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ 17/27.2.20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# 1-26 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്- വിതരണ രേഖ ലഭ്യമല്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 27/18-19 |
| പേര് | പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ്.,ഇളങ്ങവം |
| അടങ്കൽ | 1,79,160/-(എസ്.സി.പി.) |
| ചെലവ് | 1,49,300/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 03/2018-19/14.01.19 |

പദ്ധതി പ്രകാരം 5 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ഒരു ലാപ്ടോപ്പിന് 29860/- രൂപ വീതം ആകെ 1,49,300/- രൂപ എസ്.സി.പി. ഫണ്ടിൽ നിന്നും ചെലവഴിച്ചു. വിദ്യാർത്ഥികൾ ലാപ്ടോപ്പ് കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭിച്ചിട്ടില്ലെന്നുള്ള പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രവും വിദ്യാർത്ഥികളിൽ നിന്നും വാങ്ങിയിട്ടില്ല. ഇതിൽ ലാപ്ടോപ്പ് കൈപ്പറ്റിയ അനുഗീത എം.എ എന്ന വിദ്യാർത്ഥിനി പോത്താനിക്കാട് ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ diploma in secretarial practice എന്ന കോഴ്സിനാണ് പഠിച്ചിരുന്നത്. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ.തീ.14.02.2018 ഖണ്ഡിക 7.2.8 പ്രകാരം പ്രസ്തുത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ ലാപ്ടോപ്പിന് അർഹരല്ല. ആയതിനാൽ മേൽ പരാമർശിച്ച വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ചെലവഴിച്ച 29860/-രൂപ ഈ റിപ്പോർട്ടിലെ ഖണ്ഡിക3.3 ൽ നിരാകരിച്ചിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് നൽകിയ 14/27.2.20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം, വിതരണ രേഖ എന്നിവ ഹാജരാക്കാത്തതിനാൽ ലാപ്ടോപ്പ് വാങ്ങുന്നതിനായി ചെലവഴിച്ച 149300/-രൂപയിൽ 89580/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-27 തുടർ സാക്ഷരത പ്രവർത്തനങ്ങൾ-രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 122/18-19 |
| പേര് | തുടർ സാക്ഷരത പ്രവർത്തനങ്ങൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ്.,ഇളങ്ങവം |
| അടങ്കൽ | 25,001/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 24,971/-(17571 +7400) |
| ട്രഷറി ബിൽ നമ്പരും തീയതിയും | 02/2018-19/25.07.18 |

തുടർ സാക്ഷരത പ്രവർത്തനങ്ങൾ നടത്തുന്നതിന് ചെലവായതുക 17571/-രൂപ വാരപ്പെട്ടി തുടർ വിദ്യാകേന്ദ്രം സാക്ഷരതാ പ്രേരക് ശ്രീമതി.ശാലിനി ഇ.എൻ.ന്റെ അക്കൌണ്ടിലേക്ക് മേൽ നമ്പർ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. വിവിധ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലണ് തുക അനുവദിച്ചത്. ഏതെല്ലാം വിധത്തിലുള്ള തുടർ സാക്ഷരത പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.2018-19 വർഷം തുടർ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായി എത്ര പഠിതാക്കൾ പഠിച്ചിരുന്നുവെന്ന വിവരം ഫയലിൽ ഇല്ല. പഠിതാക്കളുടെ പേര്, ഹാജർ വിവരങ്ങൾ എന്നിവ ലഭ്യമല്ല. നിലവിലും അവർ പഠിതാക്കൾ ആണോയെന്ന് വ്യക്തമല്ല.

പദ്ധതിയുടെ ഭാഗമായി ആറ്റൂർ ഇലക്ട്രിക്കൽസിന്റെ 22.3.18 ലെ 420-ാം നമ്പർ ഇൻവോയ്സ് പ്രകാരം 5003/- രൂപ ചെലവഴിച്ച് വാങ്ങിയ പെഡസ്റ്റൽ ഫാനും നന്ദനം ഫർണിച്ചറിന്റെ 176/22.3.18 നമ്പർ ബിൽ പ്രകാരം വാങ്ങിയ 6 കസേരകളും സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. നിലവിൽ ഇവ ഉപയോഗിക്കുന്നത് എവിടെ ആണെന്ന വ്യക്തമല്ല.

പദ്ധതിയുടെ ഭാഗമായി പത്താം തരം തുല്യതാ കോഴ്സ് പഠിതാക്കളായ ചുവടെ ചേർക്കുന്ന 4പേർക്ക് കോഴ്സ് ഫീസ് ഇനത്തിൽ പഠിതാവ് ഒന്നിന് 1850/-രൂപ നിരക്കിൽ ആകെ 7400/-രൂപ സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു.

1)അനീഷ് ഷാജി,തെക്കേക്കരക്കുടി

2)അഹമ്മദ് ഷാൻ,മരോട്ടിക്കൽ

3)രാജേഷ് പി.വി.,കുളപ്പുറത്ത്

4)അനിത പി.ആർ,പാണോലിൽ

സാക്ഷരതാ മിഷന്റെ കൈപ്പറ്റു രേഖ ഫയലിൽ ഇല്ല. മേൽ വിദ്യാർത്ഥികളുടെ കോഴ്സ് രജിസ്ട്രേഷൻ വിവരങ്ങളും പരീക്ഷ എഴുതിയതിന്റെ/വിജയിച്ചതിന്റെ രേഖകളും ഹാജരാക്കിയില്ല.രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 24,971/-രൂപ

തടസപ്പെടുത്തുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ 17/27.2.20 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

## 1-28 പൊതു ടാപ്പുകളുടെ വെള്ളക്കരം-ഒരു കോടിയിൽ അധികം തുക കുടിശ്ശിക

വാട്ടർ അതോറിറ്റിയുടെ 33123/12.3.2019 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 2019 മാർച്ച് മാസത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള കുടിശിക ഫൈൻ ഉൾപ്പെടെ 1,01,94,246/- രൂപയാണ്.149 എണ്ണം പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ പ്രതിമാസ ഡിമാന്റ് തുകയായ 61,250/-രൂപ മാത്രമേ നിലവിൽ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുള്ളൂ.അടവാക്കാത്ത കുടിശിക തുകയ്ക്ക് പ്രതിമാസം 2% നിരക്കിൽ പലിശ ചുമത്തുന്നതു മൂലം കുടിശിക ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച് 2017-18 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശം വന്നിട്ടുണ്ടെങ്കിലും കുടിശിക ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വെള്ളക്കരം കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഹെൽത്ത്സെന്റർ ലത്തീൻ പള്ളിപ്പടി റോഡ് കലുങ്ക്&സംരക്ഷണ ഭിത്തി നിർമ്മാണം-പ്രവൃത്തി സ്ഥലത്തു നിന്നും കുഴിച്ചെടുത്ത മണ്ണ് എർത്ത് ഫില്ലിംഗിനു ഉപയോഗിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നം | 100/18-19 | |
| കരാറുകാരൻ | ശ്രീജിത് കെ.എസ് | |
| അളവു ബുക്ക് | 624/18-19 | |
| പദ്ധതി ചെലവ് | ബിൽ നം/ തീയതി | തുക(₹) |
| | 49/19.3.19 | 327783 |

ഹെൽത്ത്സെന്റർ ലത്തീൻ പള്ളിപ്പടി റോഡ് കലുങ്ക്&സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയിൽ അളവു ബുക്ക് ഇനം 11 ആയി കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് 57.470 $m^3$ അളവിൽ എർത്ത് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. 57.470 $m^3$ അളവിൽ മണ്ണ് ഫില്ലിംഗ് നടത്തിയതിന് കരാറുകാരന് 454.69/$m^3$ നിരക്കിൽ ₹26130.81/-നൽകുകയും ചെയ്തിട്ടുണ്ട്. ഇനം 1ആയി 29.755$m^3$ അളവിൽ പ്രവൃത്തി സ്ഥലത്തു നിന്നും കുഴിച്ചെടുത്ത മണ്ണ് പ്രസ്തുത പ്രവൃത്തിക്കു വേണ്ടി ഉപയോഗിച്ചിട്ടില്ല. 57.470 $m^3$ ൽ നിന്നും 29.755$m^3$ കിഴിച്ച് 27.715$m^3$ മണ്ണ് ഫില്ല് ചെയ്തതിനുള്ള തുക മാത്രമാണ് കരാറുകാരന് നൽകേണ്ടിയിരുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.7) പദ്ധതി നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നുംവിശദീകരണം ലഭ്യമായിട്ടില്ല. 29.755$m^3$ മണ്ണിന് ₹454.69/-നിരക്കിൽ കരാറുകാരന് അധികമായി നൽകിയ ₹13529/-ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 വാരപ്പെട്ടി കക്കാട്ടൂർ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ-സെന്റേജ് ചാർജ്ജിനത്തിൽ അധിക തുക നൽകി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നം | 121/19 | |
| പദ്ധതി അടങ്കൽ | ₹ 200000/- | |
| പദ്ധതി ചെലവ് | ബിൽ നം/തീയതി | തുക(₹) |
| | വൗച്ചർ നം. 21701355/29.3.18 | 175977 |
| | ബിൽ നം. 17/23.10.18 | 18705 |

വാരപ്പെട്ടി കക്കാട്ടൂർ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി ₹194682/- കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ചാർജ് | 108310.50 |
| മെറ്റീരിയൽ | 64740.00 |
| ആകെ | 173050.50 |
| [illegible] | |

| | |
|---|---|
| സെന്റേജ് ചാർജ് (12.5%) | 21631.27 |
| ആകെ ചെലവ് തുക | 194681.77 |

കേരള വാട്ടർ അതോറിറ്റിയുടെ 24.9.18 ലെ KWA/JP/P2/663/17 നമ്പർ ഉത്തരവു പ്രകാരം സെന്റേജ് ചാർജ് 10% ആയി നിജപ്പെടുത്തിയിട്ടുണ്ട്. സെന്റേജ് ചാർജിനത്തിൽ വാട്ടർ അതോറിറ്റിക്ക് അധികമായി നൽകിയ ₹4326/-(21631-17305) തിരികെ ഈടാക്കേണ്ടതാണ്.

# 3-3 അർഹതയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 27/18-19 |
| പേര് | പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ്.,ഇളങ്ങവം |
| അടങ്കൽ | 1,79,160/-(എസ്.സി.പി.) |
| ചെലവ് | 1,49,300/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 03/2018-19/14.01.19 |

മേൽ നമ്പർ പ്രൊജക്ട് പ്രകാരം 5വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി ഒരു ലാപ്ടോപ്പിന് 29860/-രൂപ വീതം ആകെ 1,49,300/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ.തീ.14.02.2018 ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളി ടെക്നിക്ക് ഡിപ്ളോമ, എൻജിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്(ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൌണ്ടൻസി ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ലാപ്ടോപ്പുകൾ വാങ്ങി നൽകാൻ സാധിക്കുകയുള്ളൂ. എന്നാൽ ലാപ്ടോപ്പ് കൈപ്പറ്റിയ അനുഗീത എം.എ. എന്ന വിദ്യാർത്ഥിനി പോത്താനിക്കാട് ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് എന്ന കോഴ്സാണ് ചെയ്യുന്നത്. മേൽ വിദ്യാർത്ഥിനിക്ക് ഈ പദ്ധതി പ്രകാരം ലാപ്ടോപ്പിന് അർഹതയില്ലാത്തതിനാൽ ലാപ്ടോപ്പിന്റെ വില ₹29,860/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. വാങ്ങിയ അഞ്ച് ലാപ്ടോപ്പിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന ഒരു ലാപ്ടോപ്പ് അർഹരായ വിദ്യാർത്ഥിക്ക് വിതരണം ചെയ്യേണ്ടതാണ്. ഗുണഭോക്താക്കളെ നിർണ്ണയിച്ചശേഷം മാത്രം വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ 14/27.2.20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരുപ്പ് | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 2018-19 | 75000 | അങ്കണവാടി പോഷകാഹാര പരിപാടി(13/19) | 75000 | |
| | | 2018-19 | 178335 | ലൈഫ് ഭവന പദ്ധതി എസ്.സി(21/19) | 178335 | 0 |
| | | 2018-19 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(14/19) | 125000 | 0 |
| | | 2018-19 | 850500 | ലൈഫ് ജനറൽ(32/19) | 850500 | 0 |
| | | 2018-19 | 500000 | ക്ഷീര കർഷകർക്ക് ഇൻസന്റീവ്(42/19) | 500000 | 0 |
| | | 2018-19 | 500000 | വട്ടക്കുടി പീടിക അങ്കണവാടി നിർമ്മാണം(97/19) | 500000 | 0 |
| | 500000 | 2017-18 | | അങ്കണവാടി 99 നിർമ്മാണം വാർഡ് 11(135/19) | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | | 2018-19 | 344760 | നെൽകൃഷി വികസനം (9/19) | 344760 | 0 |
| | 2820000 | 2017-18 | | ലൈഫ് ജനറൽ സ്പിൽ ഓവർ(124/19) | 2820000 | 0 |
| | | 2018-19 | 182875 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(14/19 | 182875 | 0 |
| | | 2018- | 237000 | ക്ഷീര കർഷകർക്ക് | 237000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 19 | | ഇൻസന്റീവ്(42/19) | | |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാരപ്പെട്ടി കക്കാട്ടൂർ റോഡിൽ കുടിവെള്ള പൈപ്പ് സ്ഥാപിക്കൽ(121/19) | ബിൽ നം.17/23.10.18 | 18705 | 0 | 18705 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻ വർഷം ലൈഫ് ഭവന പദ്ധതിക്കായി കെയുആർഡിഎഫ്സി യിൽ നിന്നും ₹7772403/- വായ്പ എടുത്തിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാത്തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC) | ജി.ഒ(എം.എസ്) 111/18ത.സ്വ.ഭ.വ തീ.18.5.18 | 7772403 | | 0 | 0 | 7772403 |
| ഇഎംഎസ് ഭവന പദ്ധതി | ജി.ഒ(എം.സ്) 530/2010ത.സ്വ.ഭ.വ | 6316875 | 1262323 | 600000 | 0 | 662323 |

| | തീയതി 18.2.10 | | | | | |
|---|---|---|---|---|---|---|

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻ വർഷം ലഭിച്ച ₹4750/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2017-18 | 2.2(ബി) | 2000 | ഡോ.ദീപു ജോർജ്ജ് | 118040104453/ 28.3.19 |
| 2017-18 | 2.-2.3 | 1250 | അപ്കോസ് ഇളങ്ങവം | 118040104598/ 28.3.19 |
| 2017-18 | 2.2(ബി) | 1500 | ഡോ.ദീപു ജോർജ്ജ് സ്ഥാപന തൊഴിൽ നികുതി | 118040102906/ 8.2.19 |
| ആകെ | | 4750 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് വഴി ഈടാക്കിയ തുക

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,84,80,774 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,55,00,803 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 47,715 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,43,639 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 13529 | ശ്രീ നസീമ.എം ഓവർസിയർ (അസി.എൻജിനിയറുടെ ചുമതല) |
| 3-2 | | 4326 | ശ്രീ.കെ.അനിൽകുമാർ സെക്രട്ടറി |
| 3-3 | | 29860 | ശ്രീ അലിയാർ.പി ഹെഡ്മാസ്റ്റർ,ഗവ.എൽ പി എസ്,ഇളങ്ങവം |
| ആകെ നഷ്ടം | | 47,715 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2,33,648 | ശ്രീ.കെ.അനിൽകുമാർ സെക്രട്ടറി |
| 1-19 | 3,87,040 | ശ്രീ.കെ.അനിൽകുമാർ സെക്രട്ടറി |
| 1-24 | 4,900 | ശ്രീ അലിയാർ.പി ഹെഡ് മാസ്റ്റർ,ഗവ.എൽ പി എസ്,ഇളങ്ങവം |
| 1-25 | 3,500 | ശ്രീ.കെ.അനിൽകുമാർ സെക്രട്ടറി |
| 1-26 | 89,580 | ശ്രീ അലിയാർ.പി ഹെഡ് മാസ്റ്റർ,ഗവ.എൽ പി എസ്,ഇളങ്ങവം |
| 1-27 | 24,971 | ശ്രീ അലിയാർ.പി ഹെഡ് മാസ്റ്റർ,ഗവ.എൽ പി എസ്,ഇളങ്ങവം |

| | | |
|---|---|---|
| | 7,43,639 | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗികമേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ.കെ.അനിൽകുമാർ<br>സെക്രട്ടറി | സെക്രട്ടറി<br>വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | തുടനാൽ വീട്,<br>തൃക്കാരിയൂർ പി<br>ഒ<br>കോതമംഗലം |
| ശ്രീമതി നസീമ.എം<br>ഓവർസിയർ | ലഭ്യമാക്കിയില്ല | ഓലിക്കൽ<br>പുത്തൻപുരയിൽ<br>വടാട്ടുപാറ പി ഒ<br>കോതമംഗലം |
| ശ്രീ അലിയാർ.പി<br>ഹെഡ്മാസ്റ്റർ,<br>ഗവ.എൽപിഎസ്,<br>ഇളങ്ങവം | ഹെഡ്മാസ്റ്റർ,<br>ഗവ.എൽപിഎസ്,ഇളങ്ങവം | പാലിയത്ത് വീട്<br>മൈലൂർ,<br>പല്ലാരിമംഗലം<br>പി.ഒ. |

.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | | | |
| | [illegible] | | |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.ഇ(പി1)1318/2009<br>തീ. 16.02.02 | 3 | |
| 2001-02 | എൽ.എഫ്.ഇ(പി1)862/2003<br>തീ. 14.11.2003 | | |
| 2002-03 | എൽ.എഫ്.ഇ(പി1)284/20005<br>തീ. 15.11.2005 | 2 | |
| 2003-2004 | എൽ.എഫ്.ഇ(പി7)1442/2008<br>തീ. 8.4.09 | 4 | |
| 2006-2007 | എൽ.എഫ്.ഇ(പി7)1445/2008<br>തീ. 8.4.09 | 2 | |
| 2008-2009 | എൽ.എഫ്.ഇ(പി7)851/2012<br>തീ. 12.7.12 | 1 | |
| 2009-2010 | എൽ.എഫ്.ഇ(പി7)296/2011തീ.12.7.12 | 1 | |
| 2010-2011 | എൽ.എഫ്.ഇ(പി7)852/2012<br>തീ. 12.7.12 | 3 | |
| 2011-12&12-13 | എൽ.എഫ്.ഇ(പി7)1351/2014<br>തീ.12.12.2014 | 2 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി7)42/17<br>തീ. 21.5.16 | 11 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി7)1855/17<br>തീ. 28.11.17 | 9 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി7)145/19<br>തീ. 05.3.19 | 10 | |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപ്പത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ 2018-19വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്തിട്ടുള്ള പരാമർശങ്ങൾ ഒഴികെ വാരപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

അപാകതകളുടെ സംഗ്രഹം.

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2.വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

Annexure – 1

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Varappetty Grama Panchayat in Ernakulam district for the year ended on 31.3.2019 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Varappetty Grama Panchayat for the year 2018-19 except the observations appended below properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
District Audit Office, Ernakulam

Defects of the Annual Financial Statement for the year 2018-19 are shown below

1. All assets including land were not accounted in the asset register and not reconciled with the Annual Financial Statement.

2. The demand &ccllection of property tax as per the AFS is not tally with the figures of sanchaya software.

DEPUTY
DIRECTOR